**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1416** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>സിനിമാ മേഖലയ്ക്ക് വ്യവസായ പദവി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. റോയി. കെ. പൗലോസ്

ശ്രീ. പഴകുളം മധു

ശ്രീ. റോണി. കെ. ബേബി

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** സിനിമയുടെ കലാ-സാംസ്കാരിക മൂല്യങ്ങളുടെ സംരക്ഷണത്തിനൊപ്പം വിപണന സാധ്യതകൾക്കും പ്രാധാന്യം നൽകിക്കൊണ്ടാണോ സിനിമാ മേഖലയ്ക്ക് വ്യവസായ പദവി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സിനിമയുടെ കലാപരവും സാംസ്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം, മേഖലയിലെ വാണിജ്യസാധ്യതകൾ പ്രയോജനപ്പെടുത്തി സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ഉറപ്പാക്കുക എന്ന സമഗ്രമായ ലക്ഷ്യത്തോടെയാണ് സർക്കാർ സിനിമാ മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. സിനിമയെ വിനോദമേഖലയ്ക്കൊപ്പം സാംസ്കാരിക പ്രാധാന്യവും സാമ്പത്തിക സാധ്യതകളുമുള്ള 'കൾച്ചറൽ ഇൻഡസ്ട്രിയായി' വികസിപ്പിക്കുകയാണ് ലക്ഷ്യം. രാജ്യത്ത് ആദ്യമായി സിനിമാ മേഖലയ്ക്ക് വ്യവസായ പദവി നൽകുന്നതിനുള്ള മാതൃകാപരമായ നയരൂപീകരണമാണ് കേരളം നടത്തിവരുന്നത്.

**(ബി)** വ്യവസായ പദവിക്കൊപ്പം ചലച്ചിത്ര മേഖലയിലെ ധനസമാഹരണത്തിനായി ബാങ്ക് വായ്പ ഉൾപ്പെടെയുള്ള ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

**<u>മറുപടി:</u>** സിനിമാ മേഖലക്ക് വ്യവസായ പദവി നൽകുമ്പോൾ ലഭ്യമാകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുമായും ചലച്ചിത്രമേഖലയിലെ സംഘടനകളുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ രൂപം നൽകുന്നതാണ് . ബന്ധപ്പെട്ട വകുപ്പുകളുമായും ചലച്ചിത്രമേഖലയിലെ സംഘടനകളുമായും നടത്തിയ ചർച്ചകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നത് .

**(സി)** സിനിമാ മേഖലയിലെ സ്ത്രീകളുടെ സുരക്ഷയും ജോലിയുടെ സമയക്രമവും ഉറപ്പാക്കുന്നതിനും പരാതിപരിഹാര സെൽ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ചലച്ചിത്ര മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികളുടെയും സുരക്ഷയും തൊഴിൽ അവകാശങ്ങളും ഉറപ്പാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി അംഗീകരിച്ച കേരള സംസ്ഥാന ചലച്ചിത്ര നയത്തിൽ ലിംഗനീതി, സുരക്ഷിതമായ

തൊഴിൽസാഹചര്യങ്ങൾ, തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ തടയൽ, തൊഴിൽ അവകാശങ്ങളുടെ സംരക്ഷണം എന്നിവയ്ക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. സിനിമാ നിർമാണവുമായി ബന്ധപ്പെട്ട തൊഴിലിടങ്ങളിൽ നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും തൊഴിൽസമയക്രമം സംബന്ധിച്ച വ്യക്തമായ വ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നയത്തിലെ ശിപാർശകളും ബന്ധപ്പെട്ട നിയമവ്യവസ്ഥകളും അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**